പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2046 07.03.2017 — ൽ മറുപടിക്ക്

## റേഷൻ കാർഡുകളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിൽ എന്തെല്ലാം സാങ്കേതിക തടസ്സങ്ങളാണ് വകുപ്പിനു മുന്നിലുള്ളത്; വിശദമാക്കുമോ; | (എ) കരട് മുൻഗണനാ പട്ടിക 20.10.2016-ന് പ്രസിദ്ധീകരിക്കുകയും ടി പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ പട്ടിക 10.02.2017-ന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. ടി പട്ടിക ലഭ്യമായ ഉടൻ തന്നെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും റേഷൻകാർഡ് അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്. |
| (ബി) നിലവിൽ റേഷൻ ലഭിച്ചുകൊണ്ടിരുന്ന മുഴുവൻ വിഭാഗങ്ങൾക്കും റേഷൻ ലഭിക്കത്തക്ക വിധത്തിലുള്ള കാർഡുകളാണോ ക്രമീകരിച്ചുകൊണ്ടിരിക്കുന്നത്; വിശദവിവരം നൽകുമോ? | (ബി) എ.എ.വൈ. കാർഡുകൾക്ക് 35 കി.ഗ്രാം ഭക്ഷ്യ ധാന്യവും മുൻഗണനാ വിഭാഗങ്ങൾക്ക് ആളൊന്നിന് 5 കി.ഗ്രാം ഭക്ഷ്യ ധാന്യവും, മുൻഗണനേതര സ്റ്റേറ്റ് സബ്സിഡി വിഭാഗങ്ങൾക്ക് ആളൊന്നിന് 2 രൂപ നിരക്കിൽ 2 കി.ഗ്രാം അരിയും ശേഷിക്കുന്ന അളവിനെ തുല്യമായി വീതിച്ച് മുൻഗണനേതര വിഭാഗക്കാർക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ